പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1202 — 01.07.2015 ൽ മറുപടിക്ക്

# വയൽ നികത്തൽ

ചോദ്യം

ശ്രീ.എൻ.ഷംസുദ്ദീൻ :
ശ്രീ.പി.ഉബൈദുള്ള :
ശ്രീ.കെ.എം.ഷാജി :
ശ്രീ.പി.ബി.അബ്ദുൾ റസാക് :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വർഷങ്ങൾക്ക മുമ്പ് നികത്തിയ വയലുകൾ കരഭൂമിയായി പരിഗണിക്കാവുന്നതാണെന്ന നിർദ്ദേശം ദുരുപയോഗം ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | വർഷങ്ങൾക്ക് മുമ്പ് നികത്തിയ വയലുകൾ കരഭൂമിയായി പരിഗണിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടില്ല. ആയതിനാൽ ദുരുപയോഗം ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി)<br><br>(സി) | വയലുകളും തണ്ണീർത്തടങ്ങളും നീർച്ചാലുകളും വ്യാപകമായി നികത്തി കരഭൂമിയാക്കി മാറ്റുന്ന പ്രവണത തടയാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;<br><br>ഇത്തരം നികത്തൽ നടപടികൾക്ക് നിയന്ത്രണമേർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) & (സി) | വയലുകളും തണ്ണീർത്തടങ്ങളും നീർച്ചാലുകളും അനധികൃതമായി പരിവർത്തനപ്പെടുത്തുന്നത് തടയുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം എല്ലാ ജില്ലകളിലും ബന്ധപ്പെട്ട കൃഷി ഓഫീസർ കൺവീനറായി പ്രാദേശികതല നിരീക്ഷണ സമിതികളും, ജില്ലാതല അധികൃത സമിതികളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>നിയമ ലംഘനം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ സ്റ്റോപ്പ് മെമ്മോ നൽകി അനധികൃത പ്രവൃത്തി |

| | | | |
|---|---|---|---|
| | | | തടയുകയും കക്ഷികളെ വിചാരണ ചെയ്യുകയും നിയമത്തിലെ 13-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ഉൾപ്പെടെ കർശന നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നു. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനത്തിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടുന്നതോ ആയ വാഹനങ്ങൾ പിടിച്ചെടുക്കുകയും ടി നിയമത്തിലെ വകുപ്പ് 20 പ്രകാരം വാഹന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.<br><br>സെക്ഷൻ ഓഫീസർ |